**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5203** **12-08-2021 - ൽ മറുപടിയ്ക്ക്**

**സ്പാർക്ക് സംവിധാനത്തിന്റെ പരിമിതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ സർവ്വീസ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്പാർക്കിന്റെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ) | സ്പാർക്ക് സൊഫ്റ്റ്‌വെയറിൻറെ പ്രവർത്തനക്ഷമത പരിശോധിക്കേണ്ട സാഹചര്യം നിലവിൽ ഇല്ല . |
| (ബി) | സ്പാർക്ക് ജീവനക്കാരെ ഫോണിലോ മെയിലിലോ മറ്റേത് മാർഗം മുഖേനയോ ആണ് ഓഫീസ് സമയത്ത് ബന്ധപ്പെടാൻ സാധിക്കുക എന്ന് വിശദമാക്കുമോ; | (ബി) | സ്പാർകിലെ ഹെൽപ്പ് ഡെസ്കിൽ ഉള്ള ഫോൺ,മെയിൽ ,ചാറ്റ് എന്നിവ വഴിയും അത്യാവശ്യമെങ്കിൽ ഓഫീസ് സന്ദർശനത്തിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പരാതികളുമായി എത്തുന്ന ജീവനക്കാരോട് അപമര്യാദയായി പെരുമാറുന്ന സ്പാർക്ക് ജീവനക്കാരെ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും അവ എങ്ങനെ പരിഹരിക്കുമെന്നും അറിയിക്കുമോ; | (സി) | ഇത് സംബന്ധിച്ച് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. പരാതികൾ ലഭിക്കുകയാണെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് . |
| (ഡി) | സ്പാർക്കിലേക്ക് അയക്കുന്ന മെയിൽ സന്ദേശങ്ങങ്ങൾക്ക് യഥാസമയം മറുപടി നൽകാൻ നടപടി സ്വീകരിക്കുമോ; നിലവിൽ ഇത്തരത്തിലുള്ള എത്ര മെയിലുകൾക്ക് ഇനിയും മറുപടി നൽകാനുണ്ട് എന്നറിയിക്കുമോ; | (ഡി) | സ്പാർക്കിൽ ലഭ്യമാകുന്ന മെയിൽ സന്ദേശങ്ങളിലെ വിഷയത്തിൻറെ വ്യാപ്തി അനുസരിച്ച് യഥാസമയം മറുപടി നല്കാറുണ്ട് .09.08.2021 (സമയം:11മണി) വരെ 6723 മെയിലുകൾ മറുപടി നൽകുന്നതിനായി ലഭ്യമായിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സൗഹാർദപരവുമാക്കി മാറ്റുന്നതിന് അടിയന്തരമായി ഇടപെടുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | സ്പാർക്ക്(പി.എം.യു)ഓഫീസിൻറെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ